# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്
## 2017-18

കേരള സംസ്ഥാന ഓഡിറ്റ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
e-mail:dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി.പി.7/2050/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് ഓഫീസ്

കോഴിക്കോട് ജില്ല.

ഇ-മെയിൽ -dokkd.ksad@kerala.gov.in

ഫോൺ - 0495 2371012

തീയ്യതി:15.10.2018

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് ( സെക്രട്ടറി മുഖേന )

ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത്- 2017-18 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*******************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചേളന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ / തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ് :

1കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ, കോഴിക്കോട്

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.കെ.ഡി.പി7/2050/2018 തിയ്യതി:12.10.2018

# കോഴിക്കോട് ജില്ലയിലെ ചേളന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ ചേളന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.4.2017 മുതൽ 10.8.2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 9 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ റിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ.പി. ഉണ്ണികൃഷ്ണൻ | |
| | | ജോയന്റ് ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 13.8.2018മുതൽ 30.8.2018വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ. ഇ. വി. ഹരി | ഓഡിറ്റ് ഓഫീസർ |
| | | ശ്രീ. എം. ശ്യാംജിത്ത് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | ശ്രീമതി. ആർ. കെ. ദിശ | സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| പ്രസിഡന്റ് | : | ശ്രീമതി. ഒ. പി.ശോഭന | 1.4.2017മുതൽ 31.3.2018വരെ |
| സെക്രട്ടറി | : | ശ്രീമതി.കെ.ജീനാബായ് | 1.4.2017മുതൽ 16.5.2017വരെ |
| | | ശ്രീമതി. കെ. കൃഷ്ണകുമാരി | 17.5.2017മുതൽ 28.2.2018വരെ |
| | | ശ്രീ. എ. ടി.മനോജ്കുമാർ | 1.3.2018മുതൽ 31.3.2018വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | : | | |
| ഉദ്യോഗപ്പേര് | | പേര് | കാലയളവ് |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | | ശ്രീമതി. ചിത്രാ വാസു | 1.4.2017മുതൽ 8.11.2017വരെ |
| | | ശ്രീ.സന്തോഷ് | 09.01.2017മുതൽ 31.03.2018 വരെ |
| പട്ടികജാതി വികസന ഓഫീസർ | | ശ്രീമതി. ടി. കെ. അനിത | 1.4.2017മുതൽ 14.9.2017വരെ |
| | | ശ്രീ. ടി. എം. മുകേഷ് | 15.9.2017മുതൽ 1.11.2017വരെ |
| | | ശ്രീ. ഒ. സതീശൻ | 2.11.2017മുതൽ 31.3.2018വരെ |
| ക്ഷീര വികസന ഓഫീസർ | | ശ്രീമതി. ശ്രീകാന്തി | 1.4.2017മുതൽ 5.5.2017വരെ |
| | | ശ്രീ. പി. സനിൽകുമാർ | 6.5.2017മുതൽ 9.8.2017വരെ |
| | | ശ്രീമതി. ശ്രീകാന്തി | 10.08.2017മുതൽ 31.03.2018 വരെ |

| | | | |
|---|---|---|---|
| കൃഷി അസിസ്റ്റന്റ് ഡയരക്ടർ | | ശ്രീമതി. എൻ. ആർ. രേഷ്മ | 1.4.2017മുതൽ 31.3.2018വരെ |
| ശിശു വികസന പദ്ധതി ഓഫീസർ | | ശ്രീമതി. നജ്മ | 1.4.2017മുതൽ 31.3.2018വരെ |
| മെഡിക്കൽ ഓഫീസർ | | ഡോ. കെ. കെ. സുരേശൻ | 1.4.2017മുതൽ 31.3.2018വരെ |
| വ്യവസായ വികസന ഓഫീസർ | | ശ്രീമതി. ശാലിനി | 1.4.2017മുതൽ 31.3.2018വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം ( ACR പ്രകാരം ) | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |

| | | |
|---|---|---|
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം 3 | |
| 13 | റോഡ് നിർമ്മാണത്തിന് വേണ്ടി ജലസേചന വകുപ്പിന് തുകകൾ കൈമാറി - വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല | 3-1 |
| 14 | സംയുക്ത പ്രോജക്ടുകൾ - നടപ്പാക്കിയതിലെ അപാകതകൾ | 3-2 |
| 15 | കുളത്തൂർ ഹൈസ്കൂൾ - ടോയിലറ്റ് നിർമ്മാണം - ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലകളിൽ പെടാത്ത ഇനത്തിന് തുക ചെലവഴിച്ചു | 3-3 |
| 16 | വിവിധ ഏജൻസികൾക്ക് കൈമാറിയ തുകകൾക്ക് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല | 3-4 |
| 17 | വിനിയോഗസാക്ഷ്യ പത്രം, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ലഭ്യമല്ല | 3-4 |
| 18 | പദ്ധതികൾ നടപ്പിലാക്കാതെ ഉപേക്ഷിച്ചു - വകയിരുത്തിയ തുക ചെലവഴിക്കാൻ കഴിഞ്ഞില്ല | 3-5 |
| 19 | പൊതു ശൌചാലയം പ്രോജക്ട് - നടപ്പാക്കിയതിലെ അപാകത | 3-6 |
| | ഭാഗം 4 | |
| 20 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 21 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |

| | | |
|---|---|---|
| 22 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 23 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 24 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 25 | ഓഡിറ്റ് റിക്കവറി | 4-6 |
| 26 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 26 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 27 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 28 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 29 | അനുബന്ധം I | |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 25.3.2017 തീയതിയിലെ 141 / 16-17 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2018 | 25.6.2018 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 13.8.2018മുതൽ 30.8.2018വരെ | കെ.എസ്.എ.കെ.കെ.ഡി.ഇ2./1111 /2018(72) തീയതി 31.8.2018 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,98,90,702 |
| വരവ് | 8,69,13,112 |
| ആകെ | 10,68,03,814 |
| ചെലവ് | 7,36,05,238 |
| നീക്കിയിരിപ്പ് | 3,31,98,576 |

## 1-5 ഫണ്ട് വിനിയോഗം ( ACR പ്രകാരം )

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | - | 30125769 | 30125769 | 26628500 | 3497269 |
| വികസനഫണ്ട് എസ്.സി.പി. | - | 15230000 | 15230000 | 13295254 | 1934746 |

| | | | | | |
|---|---|---|---|---|---|
| വികസനഫണ്ട് ടി.എസ്.പി. | - | 4000 | 4000 | - | 4000 |
| സംരക്ഷണഗ്രാന്റ് റോഡ് | - | - | - | - | - |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | - | 3840000 | 3840000 | 1689810 | 2150190 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് | - | - | - | - | - |
| കെ.എൽ.ജി.എസി. ജി.ഡി.പി | - | - | - | - | - |
| -ട്രഷറി ഓൺ ഫണ്ട് VPFA I,II | - | - | - | - | - |
| ട്രഷറി ടി.എസ്.ബി (ജനറൽ പർപസ്) | 6678432 | 3699800 | 10378232 | 9440999 | 937233 |
| ലിറ്ററസി | 7401 | 337 | 7738 | - | 7738 |
| ശുചിത്വം | 1651705 | 106374 | 1758079 | 39357 | 1718722 |
| ഐ.എ.വൈ - 2 | 260 | 20 | 280 | - | 280 |
| ജോയിന്റ് വെൻച്വർ - IAY ബ്ലോക്ക് പഞ്ചായത്ത് | 5213316 | 10543052 | 15756368 | 11967302 | 3789066 |

| | | | | | |
|---|---|---|---|---|---|
| ജോയിന്റ് വെൻച്വർ - IAY ജില്ലാ പഞ്ചായത്ത് | 5461408 | 8269745 | 13731153 | 5688500 | 8042653 |
| ജോയിന്റ് വെൻച്വർ - IAY ഗ്രാമ പഞ്ചായത്ത് | 6057337 | 6932410 | 12989747 | 6070910 | 6918837 |
| എസ്.ജി.എസ്.വൈ | 32492 | 2227 | 34719 | - | 34719 |
| സ്പെഷൽ എസ്.ജി.എസ്.വൈ | - | - | - | - | - |
| മറ്റ് എസ്. ബി. അക്കൗണ്ട് | - | - | - | - | - |
| മറ്റിനം | - | - | - | - | - |
| മറ്റ് സംയോജിത പ്രോജക്ടുകൾ | - | - | - | - | - |
| SECC | 123404 | 2557 | 125961 | - | 125961 |
| MKSPY | - | 56960 | 56960 | 56960 | - |
| PMAY | - | 6282000 | 6282000 | - | 6282000 |
| MNREGS – തൊഴിലാളികളുടെ കൂലി | | | | | |

| | | | | | |
|---|---|---|---|---|---|
| MNREGS – അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 3576 | 683922 | 687498 | 677769 | 9729 |
| ആകെ | 2522931 | 85379173 | 111008504 | 75555361 | 35453143 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 95 | 60397489 | 56 | 42588564 | 8 | 31 | 59 |

## 1-7 തൊഴിലുറപ്പ് പദ്ധതി

ബാധകമല്ല.

## 1-8 ക്ഷേമപദ്ധതികൾ

ബാധകമല്ല.

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.8.2018 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് നീക്കിയിരിപ്പ് 225/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

വൗച്ചറുകൾ രജിസ്റ്റർ എന്നിവ പരിപാലിയ്ക്കുന്നതിലും സൂക്ഷിക്കുന്നതിലും വേണ്ടത്ര ശ്രദ്ധ പുലർത്തുകയോ ആയത് ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നിയന്ത്രണ സംവിധാനം ഉറപ്പുവരുത്തുകയോ ചെയ്തിട്ടില്ല. ഉദാ:-

1. ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2. തനത് ഫണ്ട് വൗച്ചറുകൾ സൂക്ഷിച്ചിരിക്കുന്നത് 2011 ലെ അക്കൗണ്ട്സ് ചട്ടങ്ങളിൽ നിഷ്കർഷിച്ച പ്രകാരമല്ല.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23.9.2017 മുതൽ 28.9.2017 വരെ | സെപ്റ്റംബർ 2016 മുതൽ ആഗസ്റ്റ് 2017 വരെ | 27.11.2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.12.2016 മുതൽ 28.12.2016 വരെ | 2011-12 മുതൽ 2015-16 വരെ | 10.2.2017 |

# 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

ചേളന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ച് ഈ ഓഫീസിലെ കെ. എസ്.എ.കെ.കെ.ഡി.ഇ2./1111/ 2018(72) തീയതി 31.8.2018 പ്രകാരം സാക്ഷ്യപത്രം പുറപ്പെടുവിച്ചിട്ടുള്ളതാണ്. മേൽ സാക്ഷയപത്രത്തിൽ പരാമർശിച്ച അപാകതകൾ അതേപടി നിലനിൽക്കുന്നു. ആയതിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

1. വാർഷിക കണക്കിനോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.

2. കാനറാ ബാങ്ക് എസ്.ജി.എസ്.വൈ അക്കൗണ്ടിൽ 31.03.2018 ന് 34,719/- നീക്കിയിരിപ്പുണ്ട്. എന്നാൽ ഈ അക്കൗണ്ടിൽ വർഷങ്ങളായി ഇടപാടുകളില്ല. ഈ അക്കൗണ്ട് അവസാനിപ്പിച്ച് നീക്കിയിരിപ്പ് തുക സജീവമായ മറ്റൊരു അക്കൗണ്ടിലേക്ക് മാറ്റേണ്ടതാണ്.

3.ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-11 പ്രകാരമുള്ള സ്ഥിര ആസ്തികളിൽ വിദ്യുത്ച്ഛക്തി ജലവൈദ്യുത പദ്ധതി എന്ന ഇനത്തിൽ 16,72,000/- രൂപ കാണുന്നു. ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഈ ആസ്തി വരുന്നില്ല. ആയത് പരിശോധിക്കേണ്ടതാണ്.

4.ഡെപ്പോസിറ്റ് പ്രവൃത്തിയ്ക്കായി കുറ്റ്യാടി ഇറിഗേഷൻ പ്രോജക്ട് എക്സിക്യൂട്ടീവ് എഞ്ചിനീയറർക്ക് 10,00,000/- രൂപ നൽകിയിട്ടുണ്ട് (പുളി ബസാർ – കുനിയിൽ താഴം

റോഡ് – 5,00,000/- രൂപ, അമ്പലമുക്ക് – കുളത്തൂർ കനാൽ റോഡ് – 5,00,000/- രൂപ) എന്നാൽ ഈ തുകകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

5. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-18 പ്രകാരം ക്രമീകരക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ ഇനത്തിൽ 4,58,167/- രൂപ കാണുന്നു. എന്നാൽ ഇവയുടെ വിശദവിവരം ലഭ്യമല്ല.

6. ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല.

## ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 1 ഇല്ല

ഇല്ല

## ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 റോഡ് നിർമ്മാണത്തിന് വേണ്ടി ജലസേചന വകുപ്പിന് തുകകൾ കൈമാറി - വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല

2017 – 18 വർഷത്തിൽ താഴെപ്പറയുന്ന പ്രോജക്ടുകൾ പ്രകാരം ജലസേചന വകുപ്പിന് തുക കൈമാറിയിട്ടുണ്ട്.

I.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ 020/18 |
| പ്രോജക്ട് | അമ്പലമുക്ക് - കൊളത്തൂർ<br>റോഡ് (നൻമണ്ട ഗ്രാ.പ) |
| വകയിരുത്തിയ തുക | 5 ലക്ഷം രൂ |
| ചെലവഴിച്ച തുക | 5 ലക്ഷം രൂ |
| ഫണ്ട് | വികസനഫണ്ട്- പൊതുവിഭാഗം |
| ട്രഷറിബിൽ നമ്പർ,തിയ്യതി,തുക | 14/30.11.17,5 ലക്ഷം രൂ |
| തുക കൈപ്പറ്റിയത് | എക്സി.എഞ്ചിനീയർ,<br>കുറ്റ്യാടി ഇറിഗേഷൻ പ്രോജക്ട് ഡിവിഷൻ ഓഫീസ് |

II.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ 022/18 |
| പ്രോജക്ട് | പുളിബസാർ - കുനിയിൽതാഴം റോഡ് (ചേളന്നൂർ ഗ്രാ.പ) |
| വകയിരുത്തിയ തുക | 5 ലക്ഷം രൂ |
| ചെലവഴിച്ച തുക | 5 ലക്ഷം രൂ |
| ഫണ്ട് | വികസന ഫണ്ട്- പൊതുവിഭാഗം |
| ട്രഷറി ബിൽ നമ്പർ,തിയ്യതി,തുക | 15 ,30.11.17 ,5 ലക്ഷംരൂ |
| തുക കൈപ്പറ്റിയത് | എക്സി.എഞ്ചിനീയർ,<br>കുറ്റ്യാടി ഇറിഗേഷൻ പ്രോജക്ട് |

രണ്ട് പ്രോജക്ടുകളും നടപ്പാക്കിയത് ബ്ലോക്ക് പഞ്ചായത്ത് അസി.എക്സി.എഞ്ചിനീയറാണ്. ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തുക നൽകുമ്പോൾ അനുവദിയ്ക്കേണ്ട താഴെ പറയുന്ന നടപടിക്രമങ്ങൾ പാലിക്കാതെയാണ് തുക കൈമാറിയത്.

പ്രോജക്ടുകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെപ്പറയുന്നു.

1. തുക കൈപ്പറ്റിയ ഏജൻസിയുമായി കരാർ വെച്ചിട്ടില്ല.

2. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല.

അംഗീകൃത എസ്റ്റിമേറ്റ് ഇല്ലാതെയും കരാർ ഉടമ്പടി ഇല്ലാതെയും തുക ഡെപ്പോസിറ്റ് ചെയ്യാനിടയായ സാഹചര്യം പരിശോധിക്കുകയോ വിനിയോഗിവിവരം ഉറപ്പുവരുത്തുകയോ ചെയ്തിട്ടില്ല.

ചെലവ് തുകകൾ തടസ്സത്തിൽ വെക്കുന്നു.

## 3-2 സംയുക്ത പ്രോജക്ടുകൾ - ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയതുകകളുടെ വിനിയോവിവരം ലഭ്യമാക്കാത്തതും മറ്റ്

## അപാകതകളും

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ (എസ്.ഒ) | പ്രോജക്ട് | വകയിരുത്തിയ ബ്ലോക്ക് വിഹിതം (രൂ) , ഫണ്ട് | ചെലവഴിച്ച ബ്ലോക്ക് വിഹിതം (രൂ) | തുക കൈപ്പറ്റിയ ഗ്രാ.പ | പ്രോജക്ടിൽ പഞ്ചായത്ത് വിഹിതം (രൂ) | ബ്ലോക്ക് വിഹിതം നല്കിയ ട്രഷറി ബിൽ നമ്പർ തിയ്യതി |
|---|---|---|---|---|---|---|---|
| 1. | 026/18 | ഉണിച്ചയം വീട്ടിൽ കുടിവെള്ള പദ്ധതി | 6 ലക്ഷം വികസന ഫണ്ട് | 6 ലക്ഷം | ചേളന്നൂർ | 2 ലക്ഷം | 25/26.2.18 |
| 2. | 023/18 | അന്നശ്ശേരി വനിത സൌഹൃദ കോമൺ ഫെസിലിറ്റി സെന്റർ | 829000 വികസന ഫണ്ട് | 829000 | തലക്കുളത്തൂർ | 671000 | 10/30.11.17 |
| 3. | 064/18 | വനിത വ്യവസായ കേന്ദ്രം | 5 ലക്ഷം, എസ്.സി.പി | 5 ലക്ഷം | നൻമണ്ട | 20 ലക്ഷം | 18/9.1.18 |
| 4. | 068/18 | എഴുകുളം ലക്ഷം വീട് കോളനി-കുടിവെള്ള പദ്ധതി | 5 ലക്ഷം, വികസന ഫണ്ട്, പൊതു വിഭാഗം | 5 ലക്ഷം | നൻമണ്ട | 4 ലക്ഷം | 30/9.3.18 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | |
| 5. | 078/18 | കുഴിക്കാട്ട് മീത്തൽ, കുടിവെള്ള പദ്ധതി | 10 ലക്ഷം, വികസന ഫണ്ട് പൊതു വിഭാഗം | 10 ലക്ഷം | കക്കോടി | 5 ലക്ഷം | 12/30.11.18 |
| 6. | 079/18 | പറമ്പിച്ചേരി നാല് സെന്റ് കുടി വെള്ള പദ്ധതി | 5 ലക്ഷം, എസ്.സി.പി | 5 ലക്ഷം | നൻമണ്ട | 5 ലക്ഷം | 31/9.3.18 |
| 7. | 084/18 | കുയ്യാട്ട് കുടിവെള്ള പദ്ധതി | 5 ലക്ഷം, വികസന ഫണ്ട്, പൊതു വിഭാഗം | 5 ലക്ഷം | നൻമണ്ട | 312500 | 32/9.3.18 |
| 8. | 098/18 | ശ്മശാന സംരക്ഷണം | 5 ലക്ഷം, വികസന ഫണ്ട് - പൊതു വിഭാഗം | 5 ലക്ഷം | നൻമണ്ട | 2 ലക്ഷം | 33/9.3.18 |
| 9. | 089/18 | ഒറ്റപ്പിലാക്കുൽ കുടിവെള്ള പദ്ധതി | 5 ലക്ഷം, എസ്.സി.പി | 5 ലക്ഷം | കക്കോടി | 156000 | 13/30.11.18 |

| | | | | | | | |
|---|---|---|---|---|---|---|---|
| 10. | 099/18 | ശ്മശാനം ആധുനിക വല്ക്കരി ക്കൽ | 885600, വികസന ഫണ്ട്, പൊതു വിഭാഗം | 885600 | തലക്കു ളത്തൂർ | 2 ലക്ഷം | 11/30.11.17 |
| 11. | 100/18 | പടിഞ്ഞാറ്റം മുറി അങ്കണ വാടി കെട്ടിടം | 5 ലക്ഷം, വികസന ഫണ്ട്- പൊതു വിഭാഗം | 5 ലക്ഷം | കക്കോടി | 5 ലക്ഷം | 38/31.3.18 |
| 12. | 101/18 | EMS സ്റ്റേഡിയം | 5 ലക്ഷം, വികസന ഫണ്ട്- പൊതു വിഭാഗം | 5 ലക്ഷം | തലക്കു ളത്തൂർ | 5 ലക്ഷം | 9/30.11.17 |
| 13. | 122/18 | പേരാറ്റുമല കുടിവെള്ള പദ്ധതി | 4 ലക്ഷം, വികസന ഫണ്ട്- പൊതു വിഭാഗം | 4 ലക്ഷം | | 5 ലക്ഷം | 39/31.3.18 |
| ആകെ കൈമാറിയ തുക | | | | 77,14,600 | | | |

2017 – 18 വർഷത്തിൽ നടപ്പാക്കിയ മേൽ പ്രോജക്ടുകളുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ ബ്ലോക്ക് പഞ്ചായത്ത് അസി.എക്സി.എഞ്ചിനീയറാണ്. പ്രോജക്ടുകൾ പരിശോധിച്ചതിൽ, കൈമാറിയ തുകകൾക്ക് കൈപ്പറ്റ് രശീത് , വിനിയോഗ

സാക്ഷ്യപത്രം എന്നിവ ലഭിച്ചിട്ടില്ല എന്നു കാണുന്നു. നടപടി 29.3.2017തിയ്യതിയിലെ ജി.ഒ (എം.എസ്)72/2017/തസ്വഭവ ഖണ്ഡിക 6.5(2)പ്രകാരമുള്ള സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമാണ്. സംയുക്ത പ്രോജക്ടുകൾക്കായി കൈമാറിയ തുക യുടെ വിനിയോവിവരം അതാത് മാസം ചെലവ് അംഗീകരിക്കുന്ന വേളയിലോ തുടർന്നോ പരിശോധിയ്ക്കുന്നതിക്ക സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. കൈമാറിയ തുകയുടെ വിനിയോഗവിവരം ഉറപ്പുവരുത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കേണ്ടതാണ്.

അപാകതകൾ പരിഹരിക്കേണ്ടതാണ്. ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു.

## 3-3 കുളത്തൂർ ഹൈസ്കൂൾ - ടോയിലറ്റ് നിർമ്മാണം - ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലകളിൽ പെടാത്ത ഇനത്തിന് തുക ചെലവഴിച്ചു

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ071/18 |
| പ്രോജക്ട് | കുളത്തൂർ ഹൈസ്കൂൾ ബോയ്സ് - ടോയിലറ്റ് നിർമ്മാണം |
| വകയിരുത്തിയ തുക | 7 ലക്ഷം രു |
| ചെലവഴിച്ച തുക | 694540 രു |
| ഫണ്ട് | വികസനഫണ്ട്- പൊതുവിഭാഗം |
| ഭരണാനുമതി | 21/17-18 തിയ്യതി 26.5.17 |
| സ്റ്റാൻഡിങ് കമ്മിറ്റി ശുപാർശ | 1/2017-18 തിയ്യതി25.5.17<br>വികസനകാര്യ സ്റ്റാ.ക |
| ട്രഷറി ബിൽ നമ്പർ , തിയ്യതി, തുക | 16/6.1.18 , 694540 രു |
| പൂർത്തീകരിച്ച പ്രവൃത്തിമൂല്യം | 694540 രു |
| എം.ബുക്ക് നമ്പർ | 28/16-17 |

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം ,സെക്ഷൻ 166(1)- 3 ാം പട്ടിക -മേഖലാ തല ചുമതലകൾ -ക്രമനമ്പർ X, സെക്ഷൻ 175(1) – 5 ാം പട്ടിക – മേഖലാ ചുമതലകൾ - ക്രമനമ്പർ IX എന്നിവ പ്രകാരം സർക്കാർ പ്രൈമറി, ഹൈസ്കൂളുകളുടെ പരിപാലന

ചുമതല യഥാക്രമം ഗ്രാമ , ജില്ലാ പഞ്ചായത്തുകൾക്കാണ്. എന്നാൽ 2017-18 വർഷത്തിൽ ബ്ലോക്ക് പഞ്ചായത്ത് അസി. എക്സി. എഞ്ചിനീയർ നടപ്പാക്കിയ മേൽ പ്രോജക്ട് പ്രകാരം തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ ചുമതലയിൽപെടാത്ത ഇനത്തിനാണ് തുക ചെലവഴിച്ചത്. ചുമതലയിൽപ്പെടാത്ത ഇനത്തിന് പദ്ധതി രൂപീകരിക്കാനിടയായ സാഹചര്യം ഒരു തലത്തിലും വിലയിരുത്തുകയോ അർഹമായ അനുമതി തേടുകയോ ചെയ്തിട്ടില്ല. ചെലവ് തുക തടസ്സത്തിൽ വെക്കുന്നു.

## **3-4** <u>വിവിധ ഏജൻസികൾ ഗ്രാമപഞ്ചായത്തുകൾ എന്നിവയ്ക്ക് കൈമാറിയ തുകകൾക്ക് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല</u>

2017 – 18 വർഷത്തിൽ നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്ടുകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

I

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ.004/18 |
| പ്രോജക്ട് | കേരള സാമൂഹ്യസുരക്ഷമിഷൻ പ്രവർത്തനങ്ങൾക്ക് സംഭാവന |
| വകയിരുത്തിയ തുക | 10 ലക്ഷം രൂ |
| ചെലവഴിച്ച തുക | 10 ലക്ഷം രൂ |
| ഫണ്ട് | വികസനഫണ്ട് പൊതുവിഭാഗം |
| ട്രഷറി ബിൽ നമ്പർ /തിയ്യതി , തുക | 12/15.1.18 , 1 ലക്ഷംരൂ<br>35/28.3.18 , 9 ലക്ഷം രൂ |
| SSM രശീത് നമ്പർ / തിയ്യതി | 59/ 072/22.2.18 |
| പ്രോജക്ട് നിർവ്വഹണ ഉദ്യോഗസ്ഥൻ | ബ്ലോക്ക് പഞ്ചായത്ത്<br>സെക്രട്ടറി |

II.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ 048/18 |
| പ്രോജക്ട് | കിണർ റീചാർജിങ് -<br>(ആകാശ ഗംഗ) |

| | |
|---|---|
| | |
| വകയിരുത്തിയ തുക | 2 ലക്ഷംരൂ |
| ചെലവഴിച്ച തുക | 2 ലക്ഷം രൂ |
| ഫണ്ട് | വികസനഫണ്ട് പൊതുവിഭാഗം |
| തുക കൈപ്പറ്റിയത് | കക്കോടി ഗ്രാമപഞ്ചായത്ത് |
| ട്രഷറി ബിൽ നമ്പർ,തിയ്യതി,തുക | 13 , 15.1.18 , 2 ലക്ഷം രൂ |
| നിർവ്വഹണ ഉദ്യാഗസ്ഥൻ | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |

III. പദ്ധതി നം. - 11/17-18

പദ്ധതി - നെൽകൃഷി കൂലി ചെലവ്

നിർവഹണം - എ.ഡി.എ

ചെലവ് തുക - 14,36,500 രൂപ (6 ഗ്രാമപഞ്ചായത്തുകൾക്ക്)

ബിൽനം, തിയതി - 1/17-18 തീയതി 22-11-17 - 5,30,468 രൂപ

2/17-18 തീയതി 22-12-17 - 4,17,350 രൂപ

5/17-18 തീയതി 24-02-18 - 4,37,682 രൂപ

6/17-18 തീയതി 14-03-18 - 51,000 രൂപ

IV. പദ്ധതി നം. - 9/17-18

പദ്ധതി - ഹരിതകേദാരം പച്ചക്കറി കൃഷി

നിർവഹണം - എ.ഡി.എ

ചെലവ് തുക - 5,35,500 രൂപ (6 ഗ്രാമപഞ്ചായത്തുകൾക്ക്)

ബിൽനം, തിയതി - 2/17-18 തീയതി 22-12-17 - 1,61,500 രൂപ

4/17-18 തീയതി 24-02-18 - 3,74,000 രൂപ

V. പദ്ധതി നം. - 37/17-18

പദ്ധതി - വനിതകൾക്ക് യോഗ പരിശീലനം

നിർവഹണം - സി.ഡി.പി.ഒ

ചെലവ് തുക - 2,00,000 രൂപ

ബിൽനം, തിയതി - 3/17-18 തീയതി 15-11-17

തലക്കുളത്തൂർ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേയ്ക്ക് മേൽ തുക കൈമാറിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകൾ സാമൂഹ്യസുരക്ഷാ മിഷൻ എന്നിവർ കൈമാറിയ മേൽ തുകകളുടെ വിനിയോഗസാക്ഷ്യ പത്രം കൈപ്പറ്റ് രശീതി എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. നിർവഹണം നടത്തിയതും ചെലവ് ചെയ്തതുമായ പദ്ധതികളുടെ ലക്ഷ്യം കൈവരിച്ചുവെന്ന് ഉറപ്പുവരുത്തുന്നതിന് ഒരു തലത്തിലും നടപടി സ്വീകരിച്ചിട്ടില്ല. വിനിയോഗ വിവരങ്ങളുടെ അഭാവത്തിൽ ചെലവു തുക തടസ്സം ചെയ്യുന്നു.

## 3-5 പദ്ധതികൾ നടപ്പിലാക്കാതെ ഉപേക്ഷിച്ചു - വകയിരുത്തിയ തുക ചെലവഴിക്കാൻ കഴിഞ്ഞില്ല

ബ്ലോക്ക് പഞ്ചായത്ത് ഓഡിറ്റ് വർഷം താഴെ പറയുന്ന പ്രോജക്ടുകൾ രൂപീകരിച്ചെങ്കിലും നിർവഹണം നടത്താതിരുന്നതിനാൽ ആയവയ്ക്കായി വകയിരുത്തിയ തുക ചെലവഴിക്കാൻ കഴിഞ്ഞില്ല.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | പ്രോജക്ട് നമ്പർ | അടങ്കൽ (രൂ) (ബ്ലോക്ക് വിഹിതം) | ഫണ്ട് |
|---|---|---|---|---|
| 1. | ചീക്കിലോട് കരിയാണിമല റോഡ് ടാറിങ് | 13 | 1269000 | എസ്.സി.പി |
| 2. | അറപ്പക്കുഴി റോഡ് ടാറിങ് - ചേളന്നൂർ | 16 | 2000 | വികസന ഫണ്ട് |
| 3. | കുളത്തൂർ- കരിയാണിമല റോഡ് - നൻമണ്ട | 17 | 600000 | വികസന ഫണ്ട് |
| 4. | ബ്ലോക്ക് ഓഫീസ് നവീകരണം | 25 | 1442000 | എം.ജി (നോൺ റോഡ്) |
| 5. | പ്രീമെട്രിക്ക് ഹോസ്റ്റലിൽ ടോയിലറ്റ് | 66 | 90165 | എസ്.സി.പി |

| | | | | |
|---|---|---|---|---|
| | നിർമ്മാണവും അനുബന്ധ ശുചീകരണ പ്രവൃത്തികളും | | | |
| 6. | കുളത്തൂർ കരിയാണിമല റോഡ് | 70 | 336987 | വികസന ഫണ്ട് |
| 7. | കരിമ്പിൻമൂല കുടിവെള്ള പദ്ധതി | 90 | 10 | എസ്.സി.പി |
| 8. | കായലാട് കുടിവെള്ളപദ്ധതി | 91 | 10 | എസ്.സി.പി |
| 9. | നെടിയനാട് ജി.എം.എൽ.പി സ്കൂൾ ടോയിലറ്റ് | 92 | 500000 | വികസന ഫണ്ട് |
| 10. | പാറയിലകത്തുട്ട് കൊഴിഞ്ഞപറമ്പത്ത് റോഡ് | 114 | 10 ലക്ഷം | എസ്.സി.പി |
| 11. | എ.എക്സ്.ഇ ഓഫീസിലേക്ക് യു.പി.എസ് വാങ്ങൽ | 115 | 100000 | എം.ജി (നോൺ റോഡ്) |
| 12. | കുളത്തൂർ ബോയ്സ് ഹൈസ്കൂൾ ടോയിലറ്റ് | 123 | 150000 | വികസന ഫണ്ട് |
| 13. | എ.എക്സ്.ഇ ഓഫീസിലേക്ക് ഉപകരണങ്ങൾ വാങ്ങൽ | 134 | 49000 | വികസന ഫണ്ട് |
| 14 | സി.ഡി.പി.ഒ ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ | 132 | 49000 | എം.ജി (നോൺ റോഡ്) |
| 15. | സെക്രട്ടറി, എസ്.സി.ഡി.ഒ | 35 | 200000 | വികസന ഫണ്ട് |

| | | | | |
|---|---|---|---|---|
| | എന്നിവരുടെ ഓഫീസുകളിലേക്ക് ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങൽ | | | |
| 16. | പി.എം.എ.വൈ എസ്.സി 2017/18 | 40 | 160000 | വികസന ഫണ്ട് |
| 17. | സാക്ഷരത തുടർവിദ്യാഭ്യാസ സമഗ്ര പരിപാടി | 43 | 100000 | വികസന ഫണ്ട് |
| 18. | പട്ടികവർഗ്ഗ വിദ്യാർത്ഥിക്ക് പഠന ഉപകരണം നല്കൽ | 54 | 4000 | ടി.എസ്.പി |
| 19. | നൻമണ്ട ഗ്രാമപഞ്ചായത്തിന് ശുചിത്വത്തിന് ബ്ലോക്ക് വിഹിതം നല്കൽ | 74 | 400000 | വികസന ഫണ്ട് |
| 20. | വായനശാലകൾക്ക് എൽ.സി.ഡി പ്രോജക്ടർ | 116 | 300000 | വികസന ഫണ്ട് |
| 21. | ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിനും ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലേക്കും കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ | 118 | 200000 | വികസന ഫണ്ട് |
| 22. | സ്നേഹസ്പർശം 2017-18, 2018-19 വർഷത്തെ വിഹിതം | 124 | 1000000 | വികസന ഫണ്ട് |
| 23. | ലൈഫ് ജനറൽ | 125 | 1000000 | എം.ജി |

| | | | | |
|---|---|---|---|---|
| | | | | (നോൺ റോഡ്) |
| 24. | ലൈഫ് (എസ്.സി.പി) | 126 | 1000000 | വികസന ഫണ്ട് |
| 25. | ലൈഫ്(ടി.എസ്.പി) | 127 | 300000 | എം.ജി (നോൺ റോഡ്) |
| 26. | പി.എം.എ.വൈ അധിക വിഹിതം,2016/17 (എസ്.സി) | 128 | 1000000 | എസ്.സി.പി |
| 27. | പി.എം.എ.വൈ അധിക വിഹിതം,2016/17, (ജനറൽ) | 129 | 1000000 | വികസന ഫണ്ട് |
| 28. | പി.എം.എ.വൈ 2017/18,(ജനറൽ) | 130 | 952000 | വികസന ഫണ്ട് |
| 29. | പി.എം.എ.വൈ 2017/18, (എസ്.സി) | 131 | 304650 | വികസന ഫണ്ട് |
| 30. | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ റൂമിലെ കംമ്പ്യൂട്ടറിന് യു.പി.എസ് വാങ്ങൽ | 133 | 49000 | എം.ജി (നോൺ റോഡ്) |
| 31. | വനിതകൾക്ക് തൊഴിൽസംരംഭം | 10 | 123400 | വികസന ഫണ്ട് |

ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കുന്ന വിവിധ വിഭാഗം ഫണ്ടുകൾ വ്യത്യസ്ത പ്രോജക്ടുകൾക്കായി വകയിരുത്തിയ ശേഷം ആയവ നടപ്പിലാക്കാതെ ഉപേക്ഷിക്കേണ്ടിവരുന്നത് ആസൂത്രണത്തിലെ അപാകതയായി വിലയിരുത്തുന്നു. തുടർ വർഷങ്ങളിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-6 പൊതു ശൌചാലയം പ്രോജക്ട് - നടപ്പാക്കിയതിലെ അപാകത

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ 063/18 |

| | |
|---|---|
| പ്രോജക്ട് | പൊതുശൗചാലയം - അന്നശ്ശേരി |
| വകയിരുത്തിയ തുക | 464431 രു |
| ചെലവഴിച്ച തുക | 464129 രു |
| ഫണ്ട് | വികസനഫണ്ട്-പൊതുവിഭാഗം |
| ഭരണാനുമതി | 21/2017-18 , 26.5.2017 |
| ട്രഷറിബിൽ നമ്പർ, തിയ്യതി, തുക | 28/2017-18 , 28.2.2018, 464129 രു |
| പൂർത്തിയാക്കിയ ആകെ പ്രവൃത്തി മൂല്യം | 464129 രു |
| എം.ബുക്ക് നമ്പർ | 6/2017-18 |
| നിർമ്മിച്ച ആസ്തി സ്ഥിതി ചെയ്യുന്ന പഞ്ചായത്ത് | തലക്കുളത്തൂർ ഗ്രാമപഞ്ചായത്ത്. |

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ 2017 – 18 വർഷത്തിൽ നടപ്പാക്കിയ മേൽ പ്രോജക്ട് പ്രകാരം 4 ടോയിലറ്റുകൾ അടങ്ങുന്ന കെട്ടിടമാണ് നിർമ്മിച്ചത്. കെട്ടിടത്തിന് മുകളിലായി 1000 ലിറ്ററിന്റെ ഒരു വാട്ടർടാങ്കും സ്ഥാപിച്ചു. പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ട്. സ്ഥലപരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെപ്പറയുന്നു.

1. ഇത്തരമൊരു പ്രോജക്ടിന്റെ ആവശ്യകതയെക്കുറിച്ചും പ്രായോഗികതയെക്കുറിച്ചും കുടിവെള്ളം, ശുചിത്വം വർക്കിങ് ഗ്രൂപ്പ് ചർച്ച ചെയ്തിട്ടില്ല. നടപടി 29.3.2017 ലെ ജി.ഒ.(എം.എസ്) 72/2017 തസ്വഭവ ഖണ്ഡിക 2.3, 5.7(2)സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.

2. ഇതേ ഉത്തരവിന്റെ ഖണ്ഡിക 12.12.4 പ്രകാരം കൈമാറികിട്ടിയ സ്ഥാപനങ്ങളിൽ പൊതു ടോയിലറ്റ് നിർമ്മിക്കുന്നതിന് സ്ഥലം വാങ്ങി കൊടുക്കുന്നതിന് മാത്രമാണ് ബ്ലോക്ക് പഞ്ചായത്തുകൾക്ക് അനുമതിയുള്ളത്.

3. കെട്ടിടം നിർമ്മിച്ച സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ഉറപ്പ് വരുത്തിയിട്ടില്ല.

4. ശൗചാലയത്തിനു വേണ്ട ജലലഭ്യത ഉറപ്പ് വരുത്താതെയാണ് കെട്ടിടം നിർമ്മിച്ചത്. ആവശ്യമായ ജലം ലഭ്യമല്ലാത്തതിനാൽ കെട്ടിടം ഉപയോഗശൂന്യമായി പൂട്ടി കിടക്കുകയാണ്.

5. പ്രോജക്ട് മോണിറ്ററിങ് നടന്നിട്ടില്ല. ഇക്കാരണത്താൽ തന്നെ നിർമ്മിച്ച കെട്ടിടം നിഷ്ക്രിയമായി തുടരുന്ന കാര്യം അധികൃതരുടെ ശ്രദ്ധയിൽ പെട്ടിട്ടില്ല.

6. ബന്ധപ്പെട്ട സ്റ്റാറ്റസ് റിപ്പോർട്ട് പരിശോധനക്ക് ലഭിച്ചിട്ടില്ല.

അപാകതകൾ പരിഹരിക്കേണ്ടതാണ്. വിഷയം വികസനകാര്യ സ്റ്റാൻഡിങ് കമ്മിറ്റിയുടെയും ഭരണ സമിതിയുടേയും ശ്രദ്ധയിൽപെടുത്തുന്നു.

അപാകതകൾ പരിഹരിക്കുന്നതുവരെയും ചെലവ് തുക തടസ്സത്തിൽ വെക്കുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| എക്സിക്യൂട്ടീവ് എഞ്ചിനീയർ, കുറ്റ്യാടി ഇറിഗേഷൻ പ്രോജക്ട്, പേരാമ്പ്ര | പുളിയിൽ ബസാർ - കുനിയിൽ താഴം റോഡ് | | 5,00,000 | 5,00,000 | - |
| എക്സിക്യൂട്ടീവ് എഞ്ചിനീയർ, കുറ്റ്യാടി | അമ്പലമുക്ക് - കുളത്തൂർ കനാൽ | | 5,00,000 | 5,00,000 | - |

| | | | | | |
|---|---|---|---|---|---|
| ഇറിഗേഷൻ പ്രോജക്റ്റ്, പേരാമ്പ്ര | റോഡ് | | | | |

## 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1995-96 | 3-19 | 1999 | 43 | എയ്ഡഡ് സ്കൂളുകൾക്ക് ധനസഹായം നൽകി | മറുപടി ഗ്രാമവികസന കമ്മീഷണർക്ക് സമർപ്പിച്ചിട്ടുണ്ട്. |
| 2000-01 | 42 | 2002-03 | 11.5.2. 116 | തൈക്കണ്ടിക്കുളം നിർമ്മാണം | |

| | | | | | |
|---|---|---|---|---|---|
| 2001-02 | | 2003-04 | 4.13.150 | കുളങ്ങരക്കണ്ടി താഴം ജലസേചന പദ്ധതി | |
| 2003-04 | 3-3 എ<br>3-3 ബി | 2005-06 | 2.70.1.2.17.68 | പോഴിക്കാവ് താഴം റോഡ്<br>കണ്ടിയിൽ താഴം റോഡ് | |
| 2003-04 | ഭാഗം - 1 | 2005-06 | 2.70.11.13.77 | ആഭ്യന്തര നിയന്ത്രണം | |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| | | | | | | ഇല്ല | | | | | | |

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 1999-00 | 34,39,41 | ശ്രീ. ടി.പി. ജോസ്, AEE, LSGD | LF.5355/ SPL.CELL/ SC.5/03 Dt.26.9.2003 | 23219 | - | - | 23219 | - | - | 23219 | WPC No. 37297/ 2007(M), Hon. High Court of Kerala |
| 2 | 2000-01 | 39,43 | ശ്രീ. ടി.പി. ജോസ്, AEE, LSGD | LF.6869/ SPL.CELL/ SC.5/03 Dt.9.2.2004 | 25758 | - | - | 25758 | - | - | 25758 | OP No. 235/04 Hon. District Court, Kozhikode |
| 3 | 2013-14 2014-15 | 3-4 | ശ്രീമതി. എസ്. ഷാനില സി.ഡി.പി.ഒ | | 36920 | - | - | - | - | - | 36920 | - |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 8,69,13,112 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 7,36,05,238 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 11550729 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | ഇല്ല | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 10,00,000 | ശ്രീ. സന്തോഷ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-2 | 7714600 | ശ്രീ. സന്തോഷ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-3 | 6,94,540 | ശ്രീ. സന്തോഷ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-4 (1) | 1000000 | ശ്രീമതി.കെ.കൃഷ്ണകുമാരി, സെക്രട്ടറി |
| 3.4(2) | 200000 | ശ്രീമതി.കെ.കൃഷ്ണകുമാരി, സെക്രട്ടറി |

| | | |
|---|---|---|
| 3-4(III) | 14,36,500 | ശ്രീമതി. എൻ. ആർ. രേഷ്മ, കൃഷി അസിസ്റ്റന്റ് ഡയരക്ടർ |
| 3-4(IV) | 5,35,500 | ശ്രീമതി. എൻ. ആർ. രേഷ്മ, കൃഷി അസിസ്റ്റന്റ് ഡയരക്ടർ |
| 3-4(V) | 2,00,000 | ശ്രീമതി. നജ്മ, ശിശു വികസന പദ്ധതി ഓഫീസർ |
| 3-6 | 4,64,129 | ശ്രീ. സന്തോഷ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| | ഇല്ല | |

എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സപ്പെടുത്തലിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. സന്തോഷ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത് | പ്രണവം, മേരിക്കുന്ന് പി. ഒ, കോഴിക്കോട് – 673012 |
| ശ്രീമതി. എൻ. ആർ. രേഷ്മ, കൃഷി അസിസ്റ്റന്റ് ഡയരക്ടർ | കൃഷി അസിസ്റ്റന്റ് ഡയരക്ടർ, ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത് | പള്ളിപ്പറമ്പിൽ ഹൗസ്, വട്ടോളി ബസാർ പി. ഒ, ബാലുശ്ശേരി, കോഴിക്കോട് ജില്ല – 673612 |
| ശ്രീമതി. നജ്മ, ശിശു വികസന പദ്ധതി ഓഫീസർ | ശിശു വികസന പദ്ധതി ഓഫീസർ, ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത് | കിനാവ്, ഗോവിന്ദപുരം, കോഴിക്കോട് – 673016 |
| ശ്രീമതി.കെ.കൃഷ്ണകുമാരി, സെക്രട്ടറി | ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസർ, കോഴിക്കോട് | ഹിന്ദോളം, നോർത്ത് ബേപ്പൂർ(P.O) കോഴിക്കോട് – 15 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് റിപ്പോർട്ട് നം. & തീയതി. | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 1995-98 | | കെ.എസ്.എ.കെ.കെ.ഡി.പി7/764/10 തീയതി. 07.08.2010 | 1<br>(1) para 43<br>CAR |
| 1998-99 | S1/17600<br>dt.05.06.00 | കെ.എസ്.എ.കെ.കെ.ഡി.പി7/765/10 തീയതി. 06.07.12 | 1<br>(35) |
| 1999-2000 | | കെ.എസ്.എ.കെ.കെ.ഡി.പി7/116 /15(2) തീയതി. 05.05.2015 | 3<br>(34, 39, 41) |
| 2000-01 | | കെ.എസ്.എ.കെ.കെ.ഡി.പി7/116 /15(1) തീയതി. 05.05.2015 | 1<br>(35) |
| 2003-04 | | കെ.എസ്.എ.കെ.കെ.ഡി.പി7/1369/11 തീയതി. 13.02.2012 | 2<br>3-3(A, B), 3-4 |
| 2004-05 | S3/1003/08<br>dt.08.0.08 | കെ.എസ്.എ.കെ.കെ.ഡി.പി7/116 /15(3) തീയതി. 05.05.2015 | 3<br>3-2, 3-3, 3-13) |
| 2005-06 | S1/6/09/<br>dt.25.03.09 | കെ.എസ്.എ.കെ.കെ.ഡി.പി7/116 /15(4) തീയതി. 05.05.2015 | 2<br>(3-5, 3-10) |
| 2006-07 | S1/846/09<br>dt.11.11.09 | കെ.എസ്.എ.കെ.കെ.ഡി.പി7/116 /15(5) തീയതി. 05.05.2015 | 10<br>(2-1, 2-2,<br>3-2(3),<br>3-8എ(5,6),<br>3-9(3,4,5),<br>3-10(2), 3-11, |

| | | | |
|---|---|---|---|
| | | | 3-12, 3-13, 3-14 ) |
| 2007-08 | S1/948/10 dt.03.11.10 | കെ.എസ്.എ.കെ.കെ.ഡി.പി7/116 /15(6) തീയതി. 05.05.2015 | 5 (3-1, 3-2, 3-3, 3-6, 3-9) |
| 2008-09 | S4/1370/10 dt.18.05.11 | കെ.എസ്.എ.കെ.കെ.ഡി.പി7/116 /15(7) തീയതി. 05.05.2015 | 3 (3-6, 3-9, 3-10) |
| 2009-10 | S1/2012/11 dt.14.02.12 | കെ.എസ്.എ.കെ.കെ.ഡി.പി7/2215 /16(1) തീയതി. 11.07.17 | 5 (3-3, 3-6, 3-7(1), 3-8, 3-9) |
| 2010-11 | P7/770/12 dt.12.07.12 | കെ.എസ്.എ.കെ.കെ.ഡി.പി7/116 /15(9) തീയതി. 05.05.2015 | 4 (3-2, 3-3, 3-5, 3-6) |
| 2011-12 | P7/1479/12 dt.10.10.12 | കെ.എസ്.എ.കെ.കെ.ഡി.പി7/2215 /16(1) തീയതി. 11.07.17 | 2 3-3, 3-8(1) |
| 2012-13 | S1/1741/14 | കെ.എസ്.എ.കെ.കെ.ഡി.പി7/808/16 തീയതി. 03.06.17 | 3 (3-1, 3-2, 3-6(1)) |
| 2013-14 & 2014-15 | P5/1951/16 dt.26.10.16 | കെ.എസ്.എ.കെ.കെ.ഡി.പി7/1769/17 തീയതി. 08.02.18 | 10 (2-1, 3-1 to 3-3, 3-5, 3-8, 3-10, 3-12, 3-14, 3-15) |
| 2015-16 | P7/424/17 dt.20.03.17 | കെ.എസ്.എ.കെ.കെ.ഡി.പി7/424/17 തീയതി. 31.01.18 | 10 (2-1, 2-2, 3-1, 3-3, 3-6, 3-8, 3-9, 3-10, 3-13, 3-14) |

| | | | |
|---|---|---|---|
| 2016-17 | P7/2046/17 dt.04.11.17 | കെ.എസ്.എ.കെ.കെ.ഡി.പി7/2046/17 തീയതി. 26.03.18 | 13 (2-1, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12) |

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്

# അനുബന്ധം.1

## ഓഡിറ്റ് സാക്ഷ്യപത്രം

നം:കെ.എസ്.എ.കെ.കെ.ഡി.പി.7/2050/2018 തിയതി:15.10.2018

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ) 1413/ 2018/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ചേളന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ജോയിന്റ് ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം,
കോഴിക്കോട്.